I.ഇ.ബി.XIകേരള നിയമസഭ/IV30

# പതിനൊന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

2002 ജൂലായ് 29, തിങ്കൾ

നിയമസഭ രാവിലെ 9–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

### ചരമോപചാരം

ഉപരാഷ്ട്രപതി കൃഷൻകാന്തിന്റെ നിര്യാണവും കുമരകം ബോട്ട് ദുരന്തവും സംബന്ധിച്ച റഫറൻസ്

മി. സ്പീക്കർ: ജൂലായ് 27–ന് അത്യന്തം ദു:ഖകരമായ രണ്ടു സംഭവങ്ങൾക്ക് നാം സാക്ഷ്യം വഹിക്കേണ്ടിവന്നു. അതിലൊന്ന് ഉപരാഷ്ട്രപതി കൃഷൻകാന്തിന്റെ ആകസ്മിക ദേഹവിയോഗമാണ്. പൊതുജീവിതത്തിലും ഭരണത്തിലും കറപുരളാത്ത വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു കൃഷൻകാന്ത്.

1927 ഫെബ്രുവരി 28–ന് അമൃത്സറിനടുത്ത് സ്വാതന്ത്ര്യസമര പാരമ്പര്യമുള്ള ഒരു ഗ്രാമീണ കുടുംബത്തിലാണ് കൃഷൻകാന്ത് ജനിച്ചത്. ലാഹോറിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾത്തന്നെ അദ്ദേഹം ക്വിറ്റ് ഇന്ത്യാ സമരത്തിൽ പങ്കെടുക്കുകയും അറസ്റ്റ് വരിക്കുകയും ചെയ്തു. ബനാറസ് ഹിന്ദു യൂണിവേഴ്സിറ്റിയിൽനിന്ന് സാങ്കേതിക ശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദം നേടിയ കൃഷൻകാന്ത് ഡൽഹിയിലെ സയിന്റിഫിക് ആന്റ് ഇൻഡസ്ട്രിയൽ റിസർച്ച് സെന്ററിൽ ശാസ്ത്രജ്ഞനായി ചേർന്നു. എങ്കിലും ആകർഷകമായ ഔദ്യോഗികജീവിതം ഉപേക്ഷിച്ച് ദേശീയപ്രസ്ഥാനത്തിൽ അണിചേരാനാണ് അദ്ദേഹം തീരുമാനിച്ചത്. സ്വാതന്ത്ര്യാനന്തരം ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനുള്ളിലെ ഒരു തിരുത്തൽ ശക്തിയായി ശബ്ദമുയർത്തിയപ്പോഴാണ് കൃഷൻകാന്ത് ദേശീയതലത്തിൽ ശ്രദ്ധേയനായത്. അന്ന് ചന്ദ്രശേഖർ, മോഹൻധാരിയ എന്നിവരോടൊപ്പം നിലയുറപ്പിക്കാനും സംഘടനയ്ക്ക് ഒരു

നവചൈതന്യം പകരാനും അദ്ദേഹം സന്ധിയില്ലാതെ സമരം ചെയ്തു. പിൽക്കാലത്ത് ജയപ്രകാശ് നാരായണന്റെ ആശയങ്ങളോട് ആഭിമുഖ്യം പുലർത്തിയ അദ്ദേഹം ജനതാപാർട്ടിയിൽ അംഗമാവുകയും ചെയ്തു. 1966 മുതൽ 1977 വരെ രാജ്യസഭാംഗമായിരുന്ന അദ്ദേഹം തുടർന്ന് 1980 വരെ ലോക്സഭാംഗമായിരുന്നു. പരിസ്ഥിതി പ്രശ്നം അധികം സാംഗത്യം നേടാതിരുന്ന അക്കാലത്ത് ഒരു ജലമലിനീകരണ നിയന്ത്രണ ബില്ലിന് രൂപം നൽകാൻ മുന്നിട്ടിറങ്ങിയത് അദ്ദേഹത്തിന്റെ ക്രാന്തദർശിത്വത്തിന് ഉദാഹരണമാണ്. കൃഷൻകാന്തിന്റെ മനസ്സിൽ ശാസ്ത്രത്തിനും രാഷ്ട്രമീമാംസയ്ക്കും മാത്രമല്ല, കവിതയ്ക്കും മാന്യമായ ഒരു സ്ഥാനമുണ്ടായിരുന്നു. ഉറുദു ഭാഷയിലുള്ള അദ്ദേഹത്തിന്റെ രചനകൾ വിഖ്യാതങ്ങളാണ്.

ഏഴരവർഷക്കാലം ആന്ധ്രാപ്രദേശ് ഗവർണ്ണറായിരുന്ന കൃഷൻകാന്തിന് വ്യത്യസ്ത വീക്ഷണഗതിക്കാരായ അഞ്ച് മുഖ്യമന്ത്രിമാരുമായി നയതന്ത്രജ്ഞതയോടെ സഹവർത്തിത്വം സ്ഥാപിക്കാൻ കഴിഞ്ഞു. രാജ്യസഭയുടെ അദ്ധ്യക്ഷൻ എന്ന നിലയിലും തികഞ്ഞ തന്ത്രജ്ഞതയോടെയാണ് അദ്ദേഹം പ്രവർത്തിച്ചത്. സ്വന്തം ആദർശങ്ങളിൽ ഉറച്ചുനിൽക്കാനും മറ്റുള്ളവരുടെ പ്രീതിയും അപ്രീതിയും നോക്കാതെ സ്വന്തം അഭിപ്രായം തുറന്നുപറയാനുമുള്ള തന്റേടം അദ്ദേഹത്തിനുണ്ടായിരുന്നു. അധികാരപ്രാപ്തിക്കുവേണ്ടിയുള്ള അടവുകളൊന്നും അദ്ദേഹം വശമാക്കിയിരുന്നില്ല. ദേശീയതലത്തിൽ കൃഷൻകാന്തിനെ വ്യത്യസ്തനാക്കിയതും ആ വ്യക്തിവൈശിഷ്ട്യം തന്നെയാണ്. ഉപരാഷ്ട്രപതി എന്ന പദവിയുടെ യശസ്സ് ഉയർത്തിക്കൊണ്ട് ജീവിതം നയിച്ച കൃഷൻകാന്ത് നമ്മെ വിട്ടുപിരിയുമ്പോൾ അദ്ദേഹത്തിന്റെ ഔദ്യോഗിക കാലാവധിയിൽ മൂന്നാഴ്ച ബാക്കിയുണ്ടായിരുന്നു. കൃഷൻകാന്തിന്റെ നിര്യാണം രാജ്യത്തിന് മുഴുവൻ കടുത്ത നഷ്ടബോധമാണ് ഉണ്ടാക്കിയിരിക്കുന്നത്. ആ മഹാത്മാവിന്റെ സ്മരണയ്ക്കു മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

കുമരകം ബോട്ട് ദുരന്തമാണ് നമ്മുടെ നാടിനെയാകെ നടുക്കിയ മറ്റൊരു ദു:ഖ സംഭവം. വേമ്പനാട്ട് കായലിലുണ്ടായ ബോട്ടപകടത്തിൽ 15 സ്ത്രീകളും ഒരു കൈക്കുഞ്ഞുമടക്കം 29 പേരാണ് മരണപ്പെട്ടത്. മുഹമ്മ, മാരാരിക്കുളം എന്നിവിടങ്ങളിലെ ഉദ്യോഗാർത്ഥികളും മൽസ്യത്തൊഴിലാളികളുമാണ് മരണപ്പെട്ട മിക്കപേരും. ഇവരുടെ നിര്യാണത്തിൽ തകർന്നുപോയ കുടുംബങ്ങൾ അനവധിയാണ്. അവർക്ക് നൽകാൻ കഴിയുന്ന ആശ്വാസങ്ങൾ താൽക്കാലികമാണ്. എന്നാൽ അപകടത്തിനുപിന്നിലെ കാരണങ്ങൾ എത്രയുംവേഗം കണ്ടെത്തേണ്ടതുണ്ട്. അപകട കാരണങ്ങൾക്കുള്ള സ്ഥായിയായ പ്രതിവിധികളിലൂടെ ഭാവിയിൽ ഇത്തരം ദുരന്തങ്ങൾ ഒഴിവാക്കാൻ കഴിയണം. വിലപ്പെട്ട മനുഷ്യജീവൻ സംരക്ഷിക്കുവാനുള്ള സംവിധാനങ്ങളുടെ അപര്യാപ്തത ഒഴിവാക്കുക എന്നതുതന്നെ ജനങ്ങളുടെ വിശ്വാസമാർജ്ജിക്കാൻ പ്രയോജകീഭവിക്കുമെന്നു ചെയർ ഇത്തരുണത്തിൽ ഓർമ്മിപ്പിക്കട്ടെ. അപകടത്തിൽ മരണമടഞ്ഞവരുടെ കുടുംബങ്ങൾ അനുഭവിക്കുന്ന ദു:ഖത്തിൽ ഈ സഭ പങ്കുചേരുകയും പരേതർക്ക് ആത്മശാന്തി നേരുകയും ചെയ്യുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ.കെ. ശങ്കരനാരായണൻ):</u> ഉപരാഷ്ട്രപതി കൃഷൻകാന്തിന്റെ നിര്യാണം ഭാരതത്തിലെ ജനങ്ങളെ മുഴുവൻ ദു:ഖത്തിലാഴ്ത്തിയപ്പോൾ കേരളത്തിലെ ജനങ്ങളും അതോടൊപ്പം പങ്കുചേർന്നു. സ്വാതന്ത്ര്യസമര

കുടുംബത്തിൽ ജനിച്ച് പതിനഞ്ചാമത്തെ വയസ്സുമുതൽ സ്വാതന്ത്ര്യസമര രംഗവുമായി ബന്ധപ്പെട്ട് വളർന്നുവന്ന, അനിതരസാധാരണ വ്യക്തിത്വത്തിന്റെ ഉടമസ്ഥാവകാശം കൈമുതലാക്കിയ അപൂർവ്വ വ്യക്തികളിൽ ഒരാളാണ് അദ്ദേഹം. രാഷ്ട്രീയരംഗത്ത് ഗാന്ധിയൻ സോഷ്യലിസത്തിന് മുഖ്യ പ്രാമാണ്യം വച്ചുപുലർത്തുന്നതിൽ മുൻനിരയിൽ നിന്ന ഒരു വ്യക്തിയാണ് അദ്ദേഹം. ജയപ്രകാശ് നാരായണന്റെ ഉത്തമ ശിഷ്യനായ ഇദ്ദേഹം രാഷ്ട്രീയത്തിൽ അധികാരമോഹങ്ങൾക്ക് സ്ഥാനം കൊടുക്കാതെ സോഷ്യലിസ്റ്റ് ആദർശങ്ങൾ പ്രാവർത്തികമാക്കുന്നതിനും രാഷ്ട്രീയരംഗത്ത് പ്രത്യേക പ്രവർത്തനശൈലി പ്രകടമാക്കുന്നതിനും തെറ്റാണെന്നു തോന്നുന്ന കാര്യങ്ങളെ ചങ്കൂറ്റത്തോടുകൂടി എതിർക്കുന്നതിനും ധൈര്യം കാണിച്ച അപൂർവ്വ വ്യക്തിത്വത്തിന്റെ ഉടമയാണ്. അദ്ദേഹത്തിന് ഗവർണ്ണർ, പാർലമെന്റ് മെമ്പർ, രാജ്യസഭാ മെമ്പർ, ഉപരാഷ്ട്രപതി എന്നീ സ്ഥാനങ്ങൾ അലങ്കരിക്കുന്നതിന് ഭാഗ്യം ലഭിച്ചു. അദ്ദേഹത്തിന്റെ നിര്യാണം ഭാരതത്തിന് തീരാനഷ്ടമാണ്. ഈ ദു:ഖത്തിൽ സംസ്ഥാന ഗവൺമെന്റും പങ്കുചേരുന്നു; അനുശോചനം രേഖപ്പെടുത്തുന്നു.

വളരെ വേദനാജനകമായ ഒരു സംഭവമാണ് കുമരകം ബോട്ട് ദുരന്തം. ഈ പ്രദേശത്തുള്ള ആളുകൾ ദിവസവും അവരുടെ ഉപജീവനമാർഗ്ഗം തേടിയുള്ള യാത്രയ്ക്ക് ആശ്രയിക്കാറുള്ള ഈ ബോട്ട് ഇങ്ങനെ ഒരു ദുരന്തത്തിൽപ്പെടുമെന്ന് ആരും പ്രതീക്ഷിച്ചിരുന്നില്ല. ഈ സംഭവം അറിഞ്ഞ ഉടനെ ഗവൺമെന്റ് ഇക്കാര്യത്തിൽ തുടർന്ന് ചെയ്യേണ്ട കാര്യങ്ങൾ വളരെ ശുഷ്ക്കാന്തിയോടുകൂടി ചെയ്യുന്നതിന് നേതൃത്വം കൊടുക്കുകയും നേവിയുടെ ഹെലിക്കോപ്ടർ ലഭ്യമാക്കി രക്ഷാപ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുകയും ചെയ്തു. ഈ പ്രദേശത്തെ നാട്ടുകാരും അവരുടെ ജീവൻ പണയംവച്ച് രക്ഷാപ്രവർത്തനങ്ങളിൽ പങ്കെടുത്തു. ഈ വിധത്തിലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്ന
തിനുള്ള പ്രവർത്തനങ്ങൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടിയിരിക്കുന്നു. ഈ ദുരന്തത്തിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് 50.000 രൂപയുടെ ധനസഹായം അന്നുതന്നെ പ്രഖ്യാപിച്ചിരുന്നു. 31-ാം തീയതി കൂടുന്ന മന്ത്രിസഭാ യോഗത്തിൽ ഇക്കാര്യത്തിൽ ഇനിയും എന്തെങ്കിലും ചെയ്യാൻ സാധിക്കുമോ എന്നുള്ള കാര്യത്തെക്കുറിച്ച് ആലോചിക്കുന്നതും അന്വേഷണം ഏത് വിധത്തിൽ വേണമെന്നുള്ളതിനെക്കുറിച്ച് തീരുമാനമെടുക്കുന്നതുമാണ്. ഈ ദുരന്തത്തിൽ മരണമടഞ്ഞവരുടെ കുടുംബാംഗങ്ങളുടെ ദു:ഖത്തിൽ സംസ്ഥാന ഗവൺമെന്റും പങ്കുചേരുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്യുതാനന്ദൻ): വളരെ ദുഃഖകരമായ രണ്ട് സംഭവങ്ങളാണ് ഈ അടുത്ത ദിവസങ്ങളിൽ നമുക്ക് കേൾക്കേണ്ടി വന്നത്. ഉപരാഷ്ട്രപതിയുടെ അന്ത്യം വളരെ ആകസ്മിക മായിരുന്നു. ദേശീയ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന്റെ ഗാന്ധിയൻ ആദർശങ്ങൾ മുറുകെപ്പിടിച്ച ഒരു ദേശാഭിമാനിയും പിന്നീട് അധികാരത്തിൽവന്ന ഗാന്ധിയൻ ആദർശക്കാർ ഗാന്ധിജിയെ മറന്നപ്പേഴും രാഷ്ട്രത്തെയാകെ ഒരു തടവറയാക്കി മാറ്റിയപ്പോഴും തന്റെ ആദർശത്തിൽ തന്നെ ഉറച്ചുനിന്ന വ്യക്തിയുമായിരുന്നു അദ്ദേഹം. പിന്നീട് ബഹുവിധത്തിലുള്ള ഉന്നതപദവികൾ ഏറ്റെടുക്കേണ്ടിവന്ന അദ്ദേഹത്തെ ജനങ്ങൾ ആദരവോടുകൂടിയാണ് സ്വീകരിച്ചത്. അദ്ദേഹത്തിന്റെ ആകസ്മികമായ വേർപാട് അത്യന്തം ദുഃഖകരമാണ്.

29 പേരുടെ ജീവൻ അപഹരിക്കുകയും നൂറുകണക്കിനാളുകളെ ഭീതിയിലും ദുരന്തത്തിലു മാഴ്ത്തുകയുംചെയ്ത ഒന്നായിരുന്നു വേമ്പനാട്ട് കായലിൽ കുമരകത്തിനടുത്തുണ്ടായ ആകസ്മികമായ ബോട്ടപകടം. നാടിനെ വിറങ്ങലിപ്പിച്ചസംഭവമായിരുന്നു അത്. കായലിൽമുങ്ങിത്തപ്പുന്ന ആളുകളുടെ

സമയോചിതമായ പ്രവർത്തന ഫലമായി മഹാഭൂരിപക്ഷത്തെയും രക്ഷപ്പെടുത്താനും പരിക്കേറ്റവരേയും മരണപ്പെട്ടവരേയും ആശുപത്രിയിലെത്തിക്കാനും സാധിച്ചു. ഇതുസംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുമെന്ന് പറഞ്ഞതിൽ ആശ്വാസമുണ്ട്. അങ്ങും സഭാനേതാവും പ്രകടിപ്പിച്ച വികാരങ്ങളോട് പൂർണ്ണമായി യോജിച്ചുകൊണ്ട് ഈ രണ്ട് സംഭവങ്ങളി ലുമുള്ള ദുഃഖവും അനുശോചനവും രേഖപ്പെടുത്തുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി) : ബഹുമാനപ്പെട്ട സ്പീക്കറും ധനകാര്യ വകുപ്പുമന്ത്രിയും പ്രതിപക്ഷനേതാവും പ്രകടിപ്പിച്ച വികാരങ്ങളോട് പൂർണ്ണമായി യോജിക്കുന്നു. ജീവിതപ്രയാണത്തിനിടയിൽ വ്യക്തികൾക്കും സമൂഹത്തിനും രാഷ്ട്രത്തിനുമൊക്കെ അവിചാരിതമായ ഇത്തരം സംഭവങ്ങളെ അഭിമുഖീകരിക്കേണ്ടിവരും. ഈ സഭ സാധാരണ ബിസിനസ്സ് തുടരേണ്ട ഈ ദിവസം വളരെ ദുഃഖകരമായ രണ്ട് സംഭവങ്ങൾക്ക് സാക്ഷിയായിക്കൊണ്ട്, ഉപരാഷ്ട്രപതി കൃഷൻകാന്തിന്റെ നിര്യാണത്തിലും കേരളത്തെ നടുക്കിയ കുമരകം ദുരന്തത്തിലും ദുഃഖം രേഖ പ്പെടുത്തുന്ന ദിവസമായി മാറിയിരിക്കുന്നു. അങ്ങും മറ്റ് നേതാക്കളും സൂചിപ്പിച്ചതുപോലെ സ്വാതന്ത്ര്യസമരവുമായും അതിനുശേഷം സ്വാതന്ത്ര്യാനന്തരമുള്ള ദീർഘകാല ചരിത്രത്തിനിടയിൽ രാഷ്ട്രീയരംഗത്ത് സ്വന്തമായ വ്യക്തിത്വത്തിലൂടെ ഉയർന്നുവരികയും ഉന്നതപദവിയിലെത്തുകയും കാലാവധി തീരാൻ ഏതാനും ദിവസങ്ങൾ മാത്രം ബാക്കി നില്ക്കെ നമ്മെ വിട്ടുപിരിയുകയും ചെയ്ത ഉപരാഷ്ട്രപതിയെ രാഷ്ട്രം എന്നും അഭിമാനത്തോടുകൂടി സ്മരിക്കും. മഹാനായ ആ നേതാവിന്റെ നിര്യാണത്തിൽ ഞാനും എന്റെ പാർട്ടിയും ദുഃഖം രേഖപ്പെടുത്തുന്നു.

കുമരകം ദുരന്തത്തെക്കുറിച്ച് പറഞ്ഞാൽ, അവിടെ സംഭവിക്കാൻ പാടില്ലാത്തത് നിസ്സാര കാരണങ്ങളാൽ സംഭവിച്ചുപോയി. ആളുകൾ അല്പം ശ്രദ്ധിച്ചിരുന്നുവെങ്കിൽ ആ അപകടം ഒഴിവാക്കാൻ കഴിയുമായിരുന്നു. ആ സംഭവത്തിൽ എല്ലാവർക്കും ദുഃഖമുണ്ട്; ഗവൺമെന്റിനും ദുഃഖമുണ്ട്. മനുഷ്യത്വം സടകുടഞ്ഞെഴുന്നേല്ക്കുകയും ആളുകൾ ഓടിക്കൂടി രക്ഷാപ്രവർത്തനങ്ങൾ നടത്തുകയും ചെയ്തതിന്റെ ഫലമായി മരണസംഖ്യ കുറയ്ക്കാൻ സാധിച്ചു. സ്വന്തം ജീവൻ പോലും തൃണവൽഗണിച്ചും അപകടത്തിൽപ്പെട്ട ആളുകളെ രക്ഷപ്പെടുത്തുന്ന ഒരു പ്രവണതയുള്ളതാണ് ഈ വക സംഭവങ്ങളിൽ നമുക്ക് അല്പം ആശ്വാസമുള്ളത്. ഇനി ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്യാൻ സർക്കാർ ആലോചിക്കുന്നുണ്ട്; അത് ചെയ്യുമെന്ന് പ്രതീക്ഷിക്കാം. ഈ രണ്ട് സംഭവങ്ങളിലും ദുഃഖവും അനുശോചനവും രേഖപ്പെടുത്തുന്നു.

ശ്രീ. കെ.പി. രാജേന്ദ്രൻ: ബഹുമാനപ്പെട്ട സ്പീക്കറും മറ്റു നേതാക്കളും ഇവിടെ പ്രകടിപ്പിച്ച വികാരങ്ങളോട് യോജിച്ചുകൊണ്ട് ഈ രണ്ട് സംഭവങ്ങളിലും ദുഃഖവും അനുശോചനവും രേഖപ്പെടുത്തുന്നു. ദേശീയ പ്രസ്ഥാനത്തിലൂടെ വളർന്നുവന്ന് ഏറ്റവും ഉയർന്ന സ്ഥാനത്തെത്തിയ ഉപരാഷ്ട്രപതി കൃഷൻകാന്തിന്റെ വേർപാട് ആകസ്മികമായിരുന്നു. അദ്ദേഹത്തിന്റെ ഔദ്യോഗിക കാലാവധി അവസാനിക്കാൻ ദിവസങ്ങൾ മാത്രം ബാക്കിയുള്ളപ്പോൾ സംഭവിച്ച ഈ ദുരന്തം എല്ലാവരേയും ഒരുപോലെ വേദനിപ്പിച്ച ഒന്നാണ്. ദേശീയ പ്രസ്ഥാനത്തിൽ സജീവമായി പങ്കെടു ക്കുകയും സ്വന്തമായ ആദർശത്തിൽ ഉറച്ചുനിന്നുകൊണ്ട് സ്ഥാനമാനങ്ങളേക്കാൾ വലുതാണ് സ്വന്തം

ആദർശമെന്ന് തെളിയിക്കുകയുംചെയ്ത മഹാനാണ് അദ്ദേഹം. അവസാന നാളുകളിൽ അദ്ദേഹത്തിന്റെ മനസ്സിനെ അസ്വസ്ഥപ്പെടുത്തിയ പല സംഭവങ്ങളും ഉണ്ടായി. അതൊക്കെ ഇനിയും ചർച്ച ചെയ്യാം.

വേമ്പനാട്ടുകായലിലുണ്ടായ അപകടത്തെക്കുറിച്ച് ധനകാര്യമന്ത്രിയും പ്രതിപക്ഷനേതാവും വിശദീകരിക്കുകയുണ്ടായി. അപകടങ്ങൾ ഉണ്ടാകുമ്പോൾ ദുഃഖം പ്രകടിപ്പിക്കുകയും അനുശോചനം രേഖപ്പെടുത്തുകയും ചെയ്യുന്നതോടൊപ്പം ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള മുൻകരുതലെടുക്കണം. യഥാസമയം നാട്ടുകാരും തൊഴിലാളികളും ഗവൺമെന്റും രക്ഷാപ്രവർത്തനത്തിലേർപ്പെട്ടതുകൊണ്ട് മരണസംഖ്യ വർദ്ധിച്ചില്ല. നേരത്തെ വൈക്കം–തവണ റൂട്ടിൽ സർവ്വീസ് നടത്തിയിരുന്ന " എ–53 " എന്ന ബോട്ടാണ് കുമരകത്ത് അപകടത്തിൽപ്പെട്ടത്. കാലപ്പഴക്കം ചെന്ന ബോട്ട് സർവ്വീസ് നടത്തുന്നത് അപകടകരമാണെന്ന് മുൻകൂട്ടി രേഖാമൂലം പരാതിപ്പെട്ടിട്ടും അറ്റകുറ്റപ്പണി നടത്താനോ പകരം സംവിധാനമുണ്ടാക്കാനോ നടപടി സ്വീകരിച്ചില്ലെന്നു മാത്രമല്ല ഈ ബോട്ട് മുഹമ്മയിലേയ്ക്ക് മാറ്റുയാണ് ചെയ്തത്. അപകടത്തെപ്പറ്റി അന്വേഷണം നടത്തുമ്പോൾ ഈവക കാര്യങ്ങളൊക്കെ അതിന്റെ പരിധിയിൽ വരണം.

റവന്യുവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി) : ഉപരാഷ്ട്രപതി കൃഷൻ കാന്തിന്റെ നിര്യാണത്തിലും കുമരകം ബോട്ട് അത്യാഹിതത്തിലും ചെയറും പ്രതിപക്ഷനേതാവും കക്ഷിനേതാക്കളും പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് യോജിക്കുന്നു. മൂല്യാധിഷ്ഠിത പ്രവർത്തനരംഗത്ത് കൃഷൻ കാന്തിന്റെ നിര്യാണം നികത്താനാവകത്ത വിടവാണ്. അദ്ദേഹം ആദർശ രാഷ്ട്രീയത്തിന്റെ ഉദാത്തമായ മാതൃകയായിരുന്നു. സ്വാതന്ത്ര്യ സമരസേനാനി കുടുംബത്തിൽപ്പെട്ട അദ്ദേഹത്തിന് ക്വിറ്റ് ഇൻഡ്യ സമരത്തിൽ പങ്കെടുത്തതിന്റെ പേരിൽ പത്തൊൻപത് മാസം ജയിൽവാസം അനുഭവിക്കേണ്ടിവന്നു. നക്സൽ പ്രസ്ഥാനത്തോടുള്ള എതിർപ്പ് പ്രകടിപ്പിക്കുമ്പോഴും ജയിലിൽ അകപ്പെട്ട നക്സലൈറ്റുകളുടെ മോചനത്തിനുവേണ്ടി അദ്ദേഹം ശബ്ദമുയർത്തിയിരുന്നു. പരിസ്ഥിതി സംരക്ഷണത്തിനുവേണ്ടിയും ശക്തമായ നിലപാട് എടുത്തു. ഈ നിലയിൽ നോക്കുമ്പോൾ വലിയ സോഷ്യൽ ആക്ടിവിസ്റ്റായ അദ്ദേഹത്തിന്റെ നിര്യാണം രാജ്യത്തിന് തീരാനഷ്ടമാണ്. അദ്ദേഹത്തിന്റെ സ്മരണയ്ക്കുമുമ്പിൽ ആദരാജ്ഞലികൾ അർപ്പിക്കുന്നു.

നമ്മെ ദുഃഖത്തിലാഴ്ത്തിയ മറ്റൊരു സംഭവമാണ് കുമരകത്തെ ബോട്ട് ദുരന്തം. അപകടത്തെത്തുടർന്ന് കക്ഷിനേതാക്കളും മന്ത്രിസഭയിലെ അംഗങ്ങളും ആശുപത്രി സന്ദർശിച്ചപ്പോൾ കണ്ട കാഴ്ച ഹൃദയഭേദകമാണ്. 29 മൃതദേഹങ്ങൾ അടിക്കിയടുക്കി നിലത്ത് കിടത്തിയിരിക്കുന്ന കാഴ്ച കണ്ണീരോടെ മാത്രമേ കാണാൻ കഴിയൂ. ഈ ദുരന്തത്തിനിരയായവരുടെ കുടുംബങ്ങളുടെ വ്യസനത്തിൽ ഗവൺമെന്റും പങ്കുചേരുന്നു. ഈ ബോട്ട് അപകടത്തിന് പ്രധാനപ്പെട്ട കാരണങ്ങളിലൊന്ന് ഒരു ജില്ലയിലെ പി.എസ്.സി. എക്സാമിനേഷൻ മറ്റൊരു ജില്ലയിലെ വിദൂരഗ്രാമപ്രദേശങ്ങളിൽ നടത്തിയതാണ്. ബോട്ടിൽ കയറി കോട്ടയത്ത് എത്തിയാലും രണ്ടും മൂന്നും ബസ്സുകൾ കയറി പരീക്ഷ നടത്തുന്ന സ്ഥലങ്ങളിൽ സമയത്ത് എത്താൻ കഴിയാത്ത സാഹചര്യത്തിലാണ് എഴുപത്തിയഞ്ചുപേർക്ക് യാത്ര ചെയ്യാവുന്ന ബോട്ടിൽ മൂന്നൂറുപേർ കയറുന്ന സ്ഥിതിയുണ്ടായത്. ആയതിനാൽ ഇതിനെപ്പറ്റി അന്വേഷിക്കുമ്പോൾ പി.എസ്.സി. പരീക്ഷയുടെ നടത്തിപ്പിനെപ്പറ്റി ചിന്തിക്കുകയും ഗവൺമെന്റ് ഒരു ധാരണയിലെത്തുകയും ചെയ്യണം. ഇത്തരം അപകടങ്ങൾ ഒഴിവാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. കക്ഷിഭേദമെന്യേ ഒരുമിച്ച് ഇക്കാര്യത്തിൽ

ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകണം. മരണമടഞ്ഞവരുടെ സ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുകയും ആ കുടുംബങ്ങളെ അനുശോചനം അറിയിക്കുകയും അവരുടെ ദുഃഖത്തിൽ പങ്കുചേരുകയും ചെയ്യുന്നു

ഡോ. എ. നീലലോഹിതദാസൻ നാടാർ : പഞ്ചാബിൽ സ്വാതന്ത്ര്യസമരസേനാനി കുടുംബത്തിൽ പിറന്ന കൃഷൻ കാന്ത് കിറ്റ് ഇൻഡ്യാ സമരത്തിൽ പങ്കെടുത്ത് ജയിൽവാസം അനുഷ്ഠിക്കുകയുണ്ടായി. എന്റെ തലമുറയിൽപ്പെട്ട യുവാക്കളായ കോൺഗ്രസ്സുകാർ വളരെയധികം പ്രതീക്ഷയോടും ആവേശത്തോടും നോക്കിക്കണ്ട മുൻനിര നേതാവായിരുന്നു അദ്ദേഹം. ആശയങ്ങൾക്കുവേണ്ടി വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിക്കുകയും അതിലധിഷ്ഠിതമായ കർമ്മ പരിപാടികൾക്കുവേണ്ടി പോരാടുകയും ചെയ്ത ആളായിരുന്നു അദ്ദേഹം. അടിയന്തിരാവസ്ഥയ്ക്കെതിരെ അദ്ദേഹം ശക്തമായ നിലപാട് സ്വീകരിച്ചു. അതിന്റെ സ്വാഭാവിക പരിണാമമെന്ന നിലയിൽ കോൺഗ്രസ്സിൽ ഉണ്ടായിരുന്നപ്പോഴും അദ്ദേഹം ജനതാപ്പാർട്ടിയിൽ പ്രവർത്തിച്ചിരുന്നു. സ്ഥാനമാനങ്ങളെ സംബന്ധിച്ച് അദ്ദേഹം ഒരിക്കലും ചിന്തിച്ചിരുന്നില്ല. അതുകൊണ്ടുതന്നെ ജീവിതത്തിന്റെ അവസാനമുണ്ടായ സംഭവവികാസങ്ങൾ അദ്ദേഹത്തെ ബാധിച്ചിരിക്കുകയില്ല. ആശയങ്ങൾക്കും പരിപാടികൾക്കുംവേണ്ടി വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീരിക്കുമ്പോൾത്തന്നെ വ്യക്തിപരമായി ഈവക കാര്യങ്ങളെ സംബന്ധിച്ച് അദ്ദേഹം നിസ്സംഗത പ്രകടിപ്പിച്ചിരുന്നു. എല്ലാ മൂല്യങ്ങളിലും ആശയങ്ങളിലും വിട്ടുവീഴ്ചയില്ലാത്ത നിലപാടുമായി മുന്നോട്ടു പോകുമ്പോഴും എല്ലാവിധ അഭിപ്രായഗതിക്കാരുടെ ഹൃദയങ്ങളെയും മനസ്സുകളെയും സ്പർശിക്കാൻ കൃഷൻകാന്തിന് കഴിഞ്ഞിരുന്നു. ആ സ്പർശം ഇനി നേരിട്ടുണ്ടാകുകയില്ല.

ബോട്ടപകടങ്ങളും റെയിൽവെ അപകടങ്ങളും റോഡപകടങ്ങളുമൊക്കെ ഉണ്ടാകമ്പോൾ ആ മേഖലകളിലെ ഗതാഗതത്തിന്റെ അപര്യാപ്തതയെപ്പറ്റി ചർച്ച ചെയ്യുകയും പിന്നീട് അതു മറക്കുകയും ചെയ്യുന്ന അനുഭവമാണുള്ളത്. എന്നാൽ ഇത്തരം ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നടപടി കളെക്കുറിച്ച് ചർച്ച ചെയ്യാൻ നമുക്ക് കഴിയണം. രണ്ടു ദുരന്തങ്ങളിലും ദു:ഖം രേഖപ്പെടുത്തുന്നു.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ.ആർ. ഗൗരി അമ്മ): ഉപരാഷ്ട്രപതി കൃഷൻകാന്തിന്റെ നിര്യാണത്തിലും കുമരകത്തുണ്ടായ ബോട്ടപകടത്തിലും സഭയിലെ എല്ലാ അംഗങ്ങളും പ്രകടിപ്പിച്ച വികാരങ്ങളോട് ഞാനും എന്റെ പാർട്ടിയും യോജിക്കുന്നു. സ്വാതന്ത്ര്യസമരമൂല്യം ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിച്ച സ്വാതന്ത്ര്യസമരസേനാനികളിൽ ഒരാളായ കൃഷൻകാന്തിന്റെ നിര്യാണം രാജ്യത്തിനും അദ്ദേഹത്തിന്റെ കുടുംബത്തിനും തീരാനഷ്ടമാണ്.

നാടിനെ ഞെട്ടിച്ചുകൊണ്ട് 29 പേരുടെ മരണത്തിനിടയാക്കിയ കുമരകം ബോട്ടപകടമുണ്ടായപ്പോൾ ട്രാവൻകൂർ സിമെന്റ്സിലെ തൊഴിലാളികളടക്കം നാട്ടിലെ എല്ലാ വിഭാഗം തൊഴിലാളികളും അവരുടെ ജീവൻ പണയം വച്ചുകൊണ്ട് രക്ഷാപ്രവർത്തനങ്ങളിലേർ പ്പെട്ടതുകൊണ്ടാണ് കൂടുതൽ ആളുകൾ മരിക്കാനിടയാകാത്തത്. മരണപ്പെട്ടവരിൽ ഭൂരിഭാഗവും മുഹമ്മ, തണ്ണീർമുക്കം

പ്രദേശങ്ങളിലുള്ളവരായിരുന്നു. രണ്ടുമൂന്ന് പഞ്ചായത്തുകൾ മുഴുവൻ ദു:ഖത്തിലാണ്. ഈ അപകടത്തിനിരയായവർക്ക് അടിയന്തിര സഹായമെത്തിക്കാൻ കഴിഞ്ഞതിൽ കൃതാർത്ഥതയുണ്ട്. രണ്ടു ദുരന്തങ്ങളിലും ഞാനും എന്റെ പാർട്ടിയും ദു:ഖം രേഖപ്പെടുത്തുന്നു.

ഡോ.കെ.സി.ജോസഫ്: ഉപരാഷ്ട്രപതി കൃഷൻകാന്തിന്റെ നിര്യാണത്തിലും വേമ്പനാട്ടുകായൽ ദുരന്തത്തിലും അനുശോചനം രേഖപ്പെടുത്തിക്കൊണ്ട് ഇവിടെ പ്രകടിപ്പിച്ച വികാരങ്ങളോട് യോജിക്കുന്നു. സ്വാതന്ത്ര്യസമരപോരാളിയും ചെറുപ്പംമുതലേ പൊതുപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്ന വ്യക്തിയുമായ കൃഷൻകാന്ത് ഉപരാഷ്ട്രപതി സ്ഥാനത്തുവരെ എത്തി. മൂല്യാധിഷ്ഠിത രാഷ്ട്രീയക്കാരനായ അദ്ദേഹത്തിന്റെ നിര്യാണം രാഷ്ട്രത്തിന് വലിയൊരു നഷ്ടമാണ്. അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു.

വലിയ ഞെട്ടലോടുകൂടി നാടാകെ ശ്രവിച്ച 29 പേരുടെ മരണത്തിനിടയാക്കിയ കുമരകം ബോട്ടപകടമുണ്ടായപ്പോൾ അപകടത്തിൽപ്പെട്ടവരെ രക്ഷിക്കാൻ നാട്ടുകാരും ട്രാവൻകൂർ സിമെന്റ്സിലെ തൊഴിലാളികളും കക്ക വാരൽ, മണൽ വാരൽ തൊഴിലാളികളും അവരുടെ വള്ളങ്ങൾ പൂർണ്ണമായി ഉപയോഗപ്പെടുത്തിക്കൊണ്ട് എല്ലാം മറന്ന് നടത്തിയ രക്ഷാപ്രവർത്തനങ്ങളാണ് ജീവന്റെ നഷ്ടം ലഘൂകരിക്കാനും മരണസംഖ്യ കുറയ്ക്കാനുമിടയാക്കിയത്. ആ തൊഴിലാളികളെ അംഗീകരിക്കാനും അവരുടെ സേവനങ്ങളെ പ്രകീർത്തിക്കാനും നടപടിയുണ്ടാകണം. ഏറ്റവും അവഗണിക്കപ്പെട്ട ഒരു മേഖലയാണ് ജലഗതാഗത രംഗം. കായൽയാത്ര എപ്പോഴും അപകടകരമാണെന്നു കണ്ടുകൊണ്ട് അത്തരം അപകടങ്ങൾക്ക് ശാശ്വതമായ പരിഹാരമുണ്ടാക്കാനുള്ള നടപടികൾ സ്വീകരിക്കണം. ലാഭനഷ്ടങ്ങളുടെ അടിസ്ഥാനത്തിൽ കാണേണ്ട ഒരു മേഖലയല്ല ഇത്. ജലഗതാഗതം നിലനിറുത്താനും അപകടകാര്യങ്ങൾ എന്തൊക്കെയാണെന്നു വ്യക്തമാക്കാനുമുള്ള പഠനവും അന്വേഷണവുമാണുണ്ടാകേണ്ടത്. മരിച്ച ആളുകളുടെ കുടുംബത്തിനും ശാശ്വതമായ സംരക്ഷണം ലഭിക്കത്തക്കവണ്ണമുള്ള സഹായമായിരിക്കണം ഗവൺമെന്റ് നൽകേണ്ടത്. രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്ന തൊഴിലാളികളേയും അംഗീകരിക്കാനും പ്രോൽസാഹിപ്പിക്കാനുമുള്ള നടപടികൾകൂടി ഉണ്ടാകണം. അപകടത്തിൽപ്പെട്ട് മരണപ്പെട്ടവർക്ക് നിത്യശാന്തി നേർന്നുകൊണ്ട് അവരുടെ കുടുംബാംഗങ്ങളുടെ ദു:ഖത്തിൽ പങ്കു ചേരുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): ഇക്കഴിഞ്ഞ ശനിയാഴ്ച നാം കേട്ട ഇൻഡ്യയുടെ ഉപരാഷ്ട്രപതിയായിരുന്ന കൃഷൻകാന്തിന്റെ ആകസ്മികമായ നിര്യാണവും കുമരകം ബോട്ട് ദുരന്തവും എല്ലാവരേയും വേദനിപ്പിക്കുന്നതും ഹൃദയഭേദകവുമാണ്. മികച്ച പാർലമെന്റേറിയൻ, ഭരണ കർത്താവ്, രാഷ്ട്രീയ നേതാവ് എന്നീ നിലകളിൽ കൃഷൻകാന്ത് വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. നമ്മുടെ രാജ്യത്ത് ഇന്ന് നിലനിൽക്കുന്ന ജലമലിനീകരണ നിയമത്തിന്റെ മുഖ്യശിൽപ്പി കൃഷൻകാന്തായിരുന്നു. അദ്ദേഹം എഴുതിയിട്ടുള്ള കൃതികളും, ദേശീയവും അന്തർദേശീയവുമായ ലേഖനങ്ങളുമൊക്കെ അദ്ദേഹത്തിന്റെ വ്യക്തിത്വം എത്രമാത്രം ഉയർന്നതായിരുന്നു വെന്ന് തെളിയിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ വേർപാടിൽ സഭാദ്ധ്യക്ഷനും മറ്റു നേതാക്കളും പ്രകടിപ്പിച്ച വികാരത്തോട് ഞാനും പങ്കുചേരുന്നു.

കുമരകം ബോട്ട് ദുരന്തം നടന്ന സ്ഥലത്ത് ഞാനും മന്ത്രിസഭയിലെ മിക്കവാറും എല്ലാ അംഗങ്ങളും നേരിട്ട് പോകുകയുണ്ടായി. ഹൃദയഭേദകമായ കാഴ്ചയാണ് അവിടെ കാണാൻ കഴിഞ്ഞത്. വളരെ നിർദ്ധനരായിട്ടുള്ളവരാണ് ഈ ദുരന്തത്തിനിരയായത്. ഒരു പി. എസ്. സി. ടെസ്റ്റ് എഴുതി ചെറിയ ജോലിയെങ്കിലും കിട്ടുമെന്നുള്ള ആഗ്രഹത്തോടുകൂടി പോയവരാണ് ഈ ദുരന്തത്തിൽപ്പെട്ടത്. ഇത്തരത്തിലുള്ള ദുരന്തങ്ങളിൽ രാഷ്ട്രീയം കാണാതെ, ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടാതിരിക്കാൻ എന്തുചെയ്യാൻ കഴിയുമെന്നത് സംബന്ധിച്ച് കൂട്ടായ മുൻകരുതലുകൾക്ക് ശ്രദ്ധിക്കേണ്ടതാണ്. മരിച്ചുപോയവരുടെ ആത്മാക്കൾക്ക് നിത്യശാന്തി നേരുകയും, കുടുംബാംഗങ്ങളുടെ ദു:ഖത്തിൽ എനിക്കും എന്റെ പാർട്ടിക്കുമുള്ള അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

ശ്രീ. എ. സി. ഷൺമുഖദാസ്: കഴിഞ്ഞ വെള്ളിയാഴ്ച്ച സഭ പിരിഞ്ഞതിനുശേഷം ഉപരാഷ്ട്രപതി കൃഷൻകാന്തിന്റെ വേർപാടും, 29 പേരുടെ ജീവൻ അപഹരിക്കപ്പെട്ട ബോട്ടപകടവുമുണ്ടായി. 1968, 69, 70 കാലഘട്ടങ്ങളിൽ ഇടതുപക്ഷ മതേതര രാഷ്ട്രീയ പാർട്ടിക്കകത്തുനിന്ന് പ്രവർത്തിച്ച വ്യക്തിയാണ് കൃഷൻകാന്ത്. താൻ ജനിച്ചുവളർന്ന അമൃത്സറിലേയും വിദ്യാഭ്യാസം ചെയ്ത ലാഹോറിലേയും സ്വാതന്ത്ര്യസമരകാലത്തെ പൈതൃകം കൃഷൻകാന്ത് തന്റെ പ്രവർത്തന മണ്ഡലത്തിൽ ശിരസ്സാവഹി ക്കുകയും ജീവിതാന്ത്യം വരെ പുലർത്തിപ്പോരുകയും ചെയ്തു. ഗാന്ധിയൻ സംസ്ക്കാരങ്ങളെ വിട്ടു വീഴ്ചയില്ലാതെ പിടിച്ചുനിർത്തിക്കൊണ്ട്, ജനങ്ങൾക്ക് സാംപത്തികമോചനം നൽകുന്ന ഇടതുപക്ഷ പുരോഗമന പ്രസ്ഥാനങ്ങൾ അടിത്തറയുള്ള ഒന്നാക്കി മാറ്റണമെന്നുള്ള രീതിയിൽ അദ്ദേഹം പ്രവർത്തി ച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ വിയോഗം ഈ രാജ്യത്തിന് തീരാ നഷ്ടമാണ്. അദ്ദേഹത്തിന്റെ വേർപാടിൽ അങ്ങും മറ്റു നേതാക്കളും പ്രകടിപ്പിച്ച വികാരത്തിൽ ഞാനും യോജിക്കുന്നു.

ബോട്ടപകടത്തിന്റെ പിന്നിലുള്ള വസ്തുതയെന്താണെന്നുവച്ചാൽ, നമ്മുടെ നാട്ടിലെ ജനങ്ങൾ നേരിടുന്ന രൂക്ഷമായ തൊഴിലി ല്ലായ്മയിൽനിന്നും മോചനം നേടുന്നതിനുള്ള വ്യഗ്രതയും, ഭാവിയെക്കുറിച്ചുള്ള ആശങ്കയുമാണ്. ഈ ദുരന്തവുമായി ബന്ധപ്പെട്ട് ഒരു പഠനം നടത്തേണ്ടതാവശ്യമാണ്. ഇത്തരത്തിലുള്ള സംഭവങ്ങളു ണ്ടാകുമ്പോൾ നാമെല്ലാം കൂട്ടായി വിലപിക്കുകയും, പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും, പിന്നീട് അതിനെപ്പറ്റി മറന്നുപോകുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണുള്ളത്. എന്തൊക്കെ കൊടുത്താലും 29 കുടുംബങ്ങൾക്കുണ്ടായ നഷ്ടം നികത്താൻ കഴിയുകയില്ല. ഭാവിയിൽ ഇതുപോലുള്ള സംഭവങ്ങളുണ്ടാകാതിരിക്കാൻ കൂട്ടായി ആലോചിക്കാൻ അവസരമുണ്ടാക്കണം. ദു:ഖിതരായ കുടുംബാംഗങ്ങളോട് സഭാദ്ധ്യക്ഷനും മറ്റു നേതാക്കളും പ്രകടിപ്പിച്ച അനുശോചനത്തിൽ ഞാനും എന്റെ പാർട്ടിയും പങ്കുചേരുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): ഉപരാഷ്ട്രപതി ശ്രീ. കൃഷൻകാന്തിന്റെ നിര്യാണത്തിലും കുമരകം ബോട്ടപകടത്തിൽ 29 പേർ മരിച്ചതിലും സഭാദ്ധ്യക്ഷനും മറ്റ് പാർട്ടി നേതാക്കന്മാരും പ്രകടിപ്പിച്ച വികാരത്തോട് ഞാൻ യോജിക്കുകയാണ്. സ്വാതന്ത്ര്യസമരസേനാനി കളുടെയും ആദർശധീരരായ ദേശാഭിമാനികളുടെയും ശൃംഖലയിൽ ശ്രദ്ധേയമായ ഒരു കണ്ണിയാണ് കൃഷൻകാന്തിന്റെ നിര്യാണത്തിലൂടെ നമുക്ക് നഷ്ടപ്പെട്ടത്. രാഷ്ട്രീയ സാമൂഹ്യ പ്രവർത്തനങ്ങളിൽ മാതൃകയായിരുന്നു കൃഷൻകാന്ത്. അദ്ദേഹത്തിന്റെ ആകസ്മികമായ വേർപാടിൽ ഞാനും എന്റെ പാർട്ടിയും ദുഃഖം രേഖപ്പെടുത്തുന്നു.

കുമരകം ബോട്ടപകടത്തിൽ നിര്യാതരായവരിൽ ഭൂരിഭാഗവും ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കുവേണ്ടിയുള്ള പി.എസ്.സി. പരീക്ഷ എഴുതാൻ പോയ ഉദ്യോഗാർത്ഥികളായിരുന്നു. ഇത്രയധികം ആളുകൾ കയറുന്നത് അപകടമാണെന്ന് ഊഹിച്ചിട്ട് സ്വന്തം ജീവൻ പോലും പണയം വച്ചുകൊണ്ട് ഭാവിയെ ഓർത്തുള്ള ലക്ഷ്യം നേടുന്നതിനു വേണ്ടി അവർ ശ്രമിച്ചു എന്നത് ഈ നാട്ടിലെ രൂക്ഷമായ തൊഴിലില്ലായ്മയുടെ മറ്റൊരു മുഖമാണ് കാണിക്കുന്നത്. ഇത്തരത്തിലുള്ള അപകടങ്ങൾ ആവർത്തിക്കാതിരിക്കാൻ ഗവൺമെന്റ് പ്രത്യേകമായ ശ്രദ്ധ പതിപ്പിക്കുമെന്ന് പ്രസ്താവിച്ചുകഴിഞ്ഞിട്ടുണ്ട്. വിലപ്പെട്ട 29 ജീവൻ നഷ്ടപ്പെട്ട കുടുംബാംഗങ്ങളോടുള്ള ദുഃഖത്തിൽ ഈ സഭയോടൊപ്പം ഞാനും എന്റെ പാർട്ടിയും പങ്കുചേരുന്നു.

<u>ശ്രീ. എ. എ. അസീസ്</u> : ഉപരാഷ്ട്രപതി ശ്രീ. കൃഷൻകാന്തിന്റെ നിര്യാണത്തിലും വേമ്പനാട്ട് കായലിൽ ഉണ്ടായ ബോട്ടപകടത്തിലും സഭാദ്ധ്യക്ഷനും വിവിധ കക്ഷി നേതാക്കന്മാരും പ്രകടിപ്പിച്ച ദുഃഖത്തിൽ ഞാനും പങ്കുചേരുകയാണ്. സ്വാതന്ത്ര്യസമരസേനാനിയും ഒരു നല്ല ഭരണ തന്ത്രജ്ഞനും, പ്രതിഭാശാലിയു മായിരുന്ന കൃഷൻകാന്തിന്റെ നിര്യാണം കാലഘട്ടത്തിന് തീരാനഷ്ടമാണ്. രാജ്യത്തിന് ഇത്തരമാളുകളെ ആവശ്യമുള്ള സമയത്താണ് നമുക്ക് അദ്ദേഹത്തെ നഷ്ടപ്പെട്ടത്. അദ്ദേഹത്തിന്റെ വേർപാടുമൂലം ഉളവായ ദുഃഖത്തിൽ ഞാനും പങ്കുചേരുന്നു.

കുമരകത്ത് നടന്ന സംഭവത്തെപ്പറ്റി പലരും പ്രതിപാദിച്ചതുപോലെ ഒരു പ്രത്യേക ജില്ലയിലുള്ള ഉദ്യോഗാർത്ഥികളെ മറ്റൊരു ജില്ലയിൽപോയി ടെസ്റ്റ് എഴുതിക്കാൻ പി.എസ്.സി. തീരുമാനിച്ചത് പരിശോധിക്കേണ്ടതാണ്. ഇത് മുമ്പെങ്ങുമില്ലാത്ത ഒരു സംവിധാനമാണ്. ഈ അപകടം ഒരു പാഠമായി കണക്കാക്കി പരിശോധിക്കാനും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും രാഷ്ട്രീയത്തിന് അതീതമായി എല്ലാവരും യോജിച്ച് തീരുമാനമെടുക്കണം. 29 പേരുടെ മരണത്തിൽ അനാഥമായ കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ ഞാനും പങ്കുചേരുന്നു. അതോടൊപ്പം രക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ട ആളുകളെ അഭിനന്ദിച്ചുകൊണ്ട് അവർക്ക് പ്രത്യേകമായ പരിഗണന നൽകാൻ ഗവൺമെന്റ് തയ്യാറാകണമെന്നുകൂടി അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

<u>ശ്രീ. ആർ. ബാലകൃഷ്ണപിള്ള:</u> ഈ കഴിഞ്ഞ ശനിയാഴ്ച ഇൻഡ്യയ്ക്കുണ്ടായ വലിയ രണ്ട് നഷ്ടങ്ങളാണ് ഉപരാഷ്ട്രപതി കൃഷൻകാന്തിന്റെ നിര്യാണവും കുമരകം – മുഹമ്മ ബോട്ടപകടത്തി ലുണ്ടായ 29 പേരുടെ ദാരുണമായ അന്ത്യവും. ജവഹർലാൽ നെഹ്രുവിന്റെ നേതൃത്വത്തിലുള്ള ആവഡി പ്രമേയം നടപ്പിലാക്കുന്നതിനുവേണ്ടി പരിശ്രമിച്ച ആളായിരുന്നു. കൃഷൻകാന്ത്. യുവതുർക്കികളുടെ ഗ്രൂപ്പുണ്ടാക്കി പാർലമെന്റിനകത്തും പുറത്തും ആളുകളെ ആകർഷിക്കാനും അനുയായികളെ സംഘടിപ്പിക്കാനും അദ്ദേഹത്തിന് കഴിഞ്ഞു. ബാങ്ക് നാഷണലൈസേഷനുവേണ്ടിയും വി.വി.ഗിരിയെ ഇൻഡ്യൻ പ്രസിഡന്റാക്കുന്നത് ഉൾപ്പെടെ ഇന്ദിരാഗാന്ധിയുടെ വിവിധ പരിശ്രമങ്ങൾക്ക് ശ്രദ്ധയോടുകൂടി പിന്തുണ നൽകിയതുവഴിയും രാഷ്ട്രീയ ചരിത്രത്തിൽ മറക്കാൻ കഴിയാത്ത വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്.

27 വർഷങ്ങൾക്ക് മുൻപ് ഞാൻ ഈ വകുപ്പ് കൈകാര്യം ചെയ്തിരുന്നപ്പോൾ സർവ്വീസ് നടത്താൻ ഉപയോഗിച്ചിരുന്ന അതേ ബോട്ടുകളാണ് ഇപ്പോഴും അവിടെ ഓടിക്കുന്നത്. മാറിമാറി അധികാരത്തിൽ വന്ന എല്ലാ ഗവൺമെന്റുകളും ഈ രംഗത്തിന് ഏറ്റവും നിസ്സാരമായ

പ്രയോറിറ്റിയാണ് കൊടുക്കുന്നത്. ലോകാരാധ്യനായ മാർപ്പാപ്പപോലും ഇരുപത്തൊൻപത് പേരുടെ ഈ അപകടമരണത്തിൽ ദു:ഖം രേഖപ്പെടുത്തിയിരിക്കുന്നു. ഈ ദുരന്തത്തിന്റെ പ്രാധാന്യം അത്ര വലുതാണ്. അപകടത്തിൽപെട്ട് മരിച്ചവരുടെ കുടുംബാംഗങ്ങളിൽ ഒരാൾക്കു വീതം വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിലും സംവരണതത്വങ്ങൾ പാലിച്ചും ജോലി കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകണം. ഈ ദുരന്തത്തിൽപ്പെട്ടവരുടെ ജീവൻ രക്ഷിക്കാൻ വളരെ ധീരമായും സാഹസികമായും പരിശ്രമിച്ച തൊഴിലാളികൾക്കും ഉദ്യോഗസ്ഥൻമാർക്കും അർഹമായ പരിഗണനയും പാരിതോഷികങ്ങളും ഗുഡ്സർവ്വീസ് എൻട്രി പോലുള്ള പ്രോൽസാഹനങ്ങളും നൽകണം. ഇതുപോലുള്ള ദുരന്തങ്ങൾ ഇനി ഉണ്ടാകാതിരിക്കാൻ വേണ്ടി കക്ഷി-രാഷ്ട്രീയ വ്യത്യാസമില്ലാതെ എല്ലാവരും കൂടി കൂട്ടായി ആലോചിച്ച് പരിഹാരനടപടികൾ സ്വീകരിക്കണം. ഈ ദുരന്തത്തിൽ മരണമടഞ്ഞവരുടെ കുടുംബാംഗങ്ങളുടെ ദു:ഖത്തിൽ പങ്കുചേരുന്നു. മരിച്ചവരുടെ ആത്മാക്കൾക്ക് നിത്യശാന്തി നേരുന്നു.

സഹകരണവകുപ്പുമന്ത്രി (ശ്രീ. എം.വി. രാഘവൻ): അങ്ങും കക്ഷിനേതാക്കളും പ്രതിപക്ഷ നേതാവും പ്രകടിപ്പിച്ച വികാരങ്ങളോട് പൂർണ്ണമായി യോജിക്കുന്നു. ദേശീയപ്രസ്ഥാനത്തിൽ നിന്ന് ആദർശധീരരായ നേതാക്കൾ ഒന്നൊന്നായി മൺമറഞ്ഞുകൊണ്ടിരിക്കുന്നു. കൃഷൻകാന്തിന്റെ നിര്യാണം ദേശീയപ്രസ്ഥാനത്തിന് തീരാനഷ്ടമാണ്. ആദർശ രാഷ്ട്രീയത്തിൽ ആ തലമുറ വഹിച്ച പങ്ക് സ്മരിക്കാനും അതിനെ പിൻതുടരാനും ശ്രമിക്കണം. റെയിൽ-റോഡ്-ജലഗതാഗതത്തിൽ ദിവസേന അപകടങ്ങളുണ്ടായിക്കൊണ്ടിരിക്കുന്നു. മനുഷ്യജീവൻ നഷ്ടപ്പെടുമ്പോൾ അനുശോചിക്കുകയും പിന്നീട് അതിനെപ്പറ്റി ഓർക്കാതിരിക്കുകയും ചെയ്യുന്ന സ്ഥിതിയാണ് ഇന്നുള്ളത്. ഇതിന് ശാശ്വതമായ പരിഹാരം കാണുന്നതിനുവേണ്ടി എല്ലാ കക്ഷികളുടെയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിച്ചുകൊണ്ട് സർക്കാർ ഉചിതമായ നടപടി സ്വീകരിക്കണം. രണ്ടു ദു:ഖസംഭവങ്ങളിലും അനുശോചനം രേഖപ്പെടുത്തുന്നു.

(നിര്യാതരായവരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപസമയം എഴുന്നേറ്റു നിന്ന് മൗനമാചരിച്ചു.)

സഭ രാവിലെ 10.08-ന് പിരിഞ്ഞു.